**പതിനാലാം കേരളനിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 1962** | **13.06.2019-ൽ മറുപടിക്ക്**

**സി.ഒ.റ്റി നസീറിന് നേരെയുണ്ടായ വധശ്രമം**

| **ചോദ്യം**<br>**ശ്രീ.സണ്ണി ജോസഫ്**<br>**,, തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**,, എം. വിൻസെന്റ്**<br>**,, അനിൽ അക്കര** | **മറുപടി**<br>**പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
|---|---|
| (എ) കഴിഞ്ഞ ലോകസഭ തിരഞ്ഞെടുപ്പിൽ വടകര മണ്ഡലത്തിലെ സ്വതന്ത്ര സ്ഥാനാർത്ഥിയായിരുന്ന സി.ഒ.റ്റി. നസീറിനെ വധിക്കുവാൻ ശ്രമിച്ച കേസിന്റെ അന്വേഷണം ഏത് ഘട്ടത്തി ലാണെന്ന് അറിയിക്കുമോ;<br>(ബി) രാഷ്ട്രീയ വൈരാഗ്യമാണ് വധശ്രമത്തിന് പിന്നിലെന്ന് കണ്ടെത്തിയിട്ടുണ്ടോ; പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അവർ ഏത് രാഷ്ട്രീയ കക്ഷിയിൽപ്പെട്ടവരാണെന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും സി.ഒ.റ്റി നസീറിന്റെ വധശ്രമവുമായി ബന്ധപ്പെട്ട് തലശ്ശേരി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം. 500/19 നമ്പർ കേസിന്മേൽ ഊർജ്ജിത അന്വേഷണം നടന്നു വരികയാണ്. നാളിതുവരെയുള്ള അന്വേഷണത്തിൽ രാഷ്ട്രീയ വിരോധമാണ് ടിയാനെ ആക്രമിക്കാൻ കാരണമെന്ന് കണ്ടെത്തിയിട്ടില്ല. ടി കേസിൽ 3 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. അന്വേഷണം തുടർന്നു വരുകയാണ്. |
| (സി) തന്നെ വധിക്കുവാൻ ഗൂഢാലോചന നടത്തിയത് ഭരണകക്ഷിയിലെ ഒരു യുവ എം.എൽ.എ.യാണെന്ന നസീറിന്റെ വെളിപ്പെടുത്തൽ ഉണ്ടായതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാ നത്തിൽ അന്വേഷണം നടത്തിയോ; പ്രസ്തുത അന്വേഷണത്തിൽ കണ്ടെത്തിയ വസ്തുത എന്താണെന്ന് അറിയിക്കുമോ? | (സി) സി.ഒ.ടി നസീറിന്റെ മൊഴി 3 തവണ പോലീസ് രേഖപ്പെടുത്തിയിട്ടുണ്ട്. ആദ്യ രണ്ടു തവണ നൽകിയ മൊഴികളിലും ജനപ്രതിനിധിയെ പരാമർശിച്ചിട്ടില്ലായി രുന്നു. എന്നാൽ മൂന്നാമത് നൽകിയ മൊഴിയിൽ ജനപ്രതിനിധിയ്ക്ക് കുറ്റ കൃത്യത്തിൽ പങ്കുള്ളതായി ആരോപിക്കു കയുണ്ടായി. നാളിതുവരെ നടത്തിയ അന്വേഷണത്തിൽ ഇക്കാര്യം വെളിവായി ട്ടില്ല. |

**സെക്ഷൻ ഓഫീസർ.**